പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 288 — 20-06-2014 ൽ മറുപടിക്ക്

## കർഷകർക്ക് പലിശരഹിത വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ ജയരാജ്<br>ശ്രീ.പി.സി. ജോർജ് | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) പ്രസ്തുത വായ്പാ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ |
| (സി) നിലവിൽ കാർഷിക വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങിയിട്ടുള്ള കർഷകർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ? | (സി) കാർഷിക വായ്പ എടുത്ത് കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യം നിലവിൽ ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ